**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 285** **27-06-2022 - ൽ മറുപടിയ്ക്ക്**

**ആദിവാസി വിഭാഗങ്ങൾക്ക് റേഷൻ കാർഡ് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വയനാട് ജില്ലയിൽ എത്ര ആദിവാസി കുടുംബങ്ങൾക്ക് പുതിയ റേഷൻ കാർഡ് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 2905 |
| (ബി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് പുതിയ റേഷൻ കാർഡ് അടിയന്തരമായി അനുവദിച്ചു നൽകുന്നതിനും ഇവർക്ക് ആവശ്യമായ ഭക്ഷ്യ ഉൽപ്പന്നങ്ങൾ റേഷൻ കടകൾ മുഖേന വിതരണം ചെയ്യുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | ഓൺലൈൻ അപേക്ഷ ലഭ്യമാകുമ്പോൾ തന്നെ പരിശോധനയ്ക്ക് വിധേയമായി റേഷൻ കാർഡ് ഉടൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. റേഷൻ കാർഡ് RCMSൽ അപ്ഡേറ്റ് ചെയ്തതിനുശേഷം ഭക്ഷ്യധാന്യങ്ങൾ<br><br>റേഷൻകടകൾ വഴി വിതരണം ചെയ്തു വരുന്നുണ്ട്. അതോടൊപ്പം സഞ്ചരിക്കുന്നറേഷൻ കടകൾ മുഖേന ആദിവാസി ഊരുകളിലെ ഉൾപ്രദേശങ്ങളിലും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തു വരുന്നു.ജില്ലയിലെ ചുരുളി, ഭൂദാനം, മീൻകൊല്ലി<br><br>പ്രദേശങ്ങളിൽ നിലവിൽ സഞ്ചരിക്കുന്ന റേഷൻ കട പ്രവർത്തിച്ചുവരുന്നു. |
| (സി) | റേഷൻ വ്യാപാരികൾ പ്രസ്തുത വിഭാഗം ജനങ്ങൾക്ക് ഭക്ഷ്യ ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിൽ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ